# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1052 — 25/01/2018 - ൽ മറുപടിക്ക്

## മൂന്നാറിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ദേവികുളം നിയോജക മണ്ഡലത്തിൽ തേയിലത്തോട്ടം തൊഴിലാളികൾ തിങ്ങിപാർക്കുന്ന മൂന്നാറിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും | ഇടുക്കി ജില്ലയിൽ ഒരു ഇ.എസ്.ഐ ആശുപത്രി ആരംഭിക്കണം എന്ന ആവശ്യം കേരളത്തിന്റെ 2018-2019 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഇ.എസ്.ഐ കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | 15.09.2017 ലെ സ.ഉ(കൈ)75/2017/തൊഴിൽ പ്രകാരം സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിൽ ദേവികുളം നിയോജകമണ്ഡലത്തിലെ കണ്ണൻദേവൻ ഹിൽസ് (മൂന്നാർ), മന്നാംകണ്ടം (അടിമാലി) എന്നീ രണ്ട് ഡിസ്പെൻസറികൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നു വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ